(സി) പോലീസുകാർക്കും ക്യാമ്പ് ഫോളോവർമാർക്കും യൂണിഫോം അലവൻസ് നൽകുന്നതിൽ അന്തരമുണ്ടോ;

(ഡി) ഉണ്ടെങ്കിൽ രണ്ടു വിഭാഗത്തിനും ഒരേപോലെ യൂണിഫോം അലവൻസ് നൽകുന്നകാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) പ്രതിവർഷം 750/- രൂപ.

(ബി) ഉണ്ട്. പ്രതിവർഷം 300/- രൂപ.

(സി) ഉണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

63 (2373) പോലീസ് സർക്കിളുകൾ ആരംഭിക്കുവാൻ നടപടി

ശ്രീ. ടി. നാണു മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പോലീസ് സർക്കിളുകൾ നിലവിലുണ്ട്;

(ബി) പുതിയതായി പോലീസ് സർക്കിളുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 166 പോലീസ് സർക്കിളുകൾ നിലവിലുണ്ട്.

(ബി)&(സി) ഇപ്പോൾ പരിഗണനയിലില്ല.

64 (2374) മനോജിന്റെ സംശയാസ്പദമായ സാഹചര്യത്തിലെ മരണം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്കണ്ടം പോലീസ് സ്റ്റേഷനതിർത്തിയിൽപ്പെട്ട നാൽപ്പതേക്കർ ഭാഗത്ത് 17-12-99-ൽ മനോജ് എന്ന യുവാവ് സംശയാസ്പദമായ സാഹചര്യത്തിൽ മരണപ്പെട്ടതായി കണ്ടെത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത യുവാവിന്റെ മൃതശരീരം പോസ്റ്റുമോർട്ടം നടത്തിയത് ഏത് ആശുപത്രിയിലാണെന്നും പോസ്റ്റുമോർട്ടം റിപ്പോർട്ട് പ്രകാരം മരണകാരണം എന്താണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത യുവാവിന്റെ മരണം കൊലപാതകമാണെന്നും അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കണമെന്നുമുള്ള ആവശ്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നെടുങ്കണ്ടം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആണ് പോസ്റ്റു മോർട്ടം പരിശോധന നടത്തിയിട്ടുള്ളത്. മരണകാരണം "Asphyxia due to drowing" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

(സി) ഈ കേസ്സിന്റെ അന്വേഷണത്തിൽ മരണപ്പെട്ട മനോജ് തോടിന് കുറുകെയുള്ള തടിപ്പാലത്തിൽനിന്നും കാൽവഴുതി വെള്ളത്തിൽ വീണതിൽവെച്ച് ശ്വാസംമുട്ടി മരണപ്പെട്ടിട്ടുള്ളതാണെന്നാണ് വെളിവായിട്ടുള്ള ത്. പരാതി പരിശോധിക്കുന്നതാണ്.

65 (2375) സുബിൻ കൊല്ലപ്പെട്ട സംഭവം

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ചേർപ്പ് പോലീസ് സ്റ്റേഷനതിർത്തിയിൽപ്പെട്ട എട്ടുമുന സ്വദേശി ധർമ്മപാലന്റെ മകൻ സുബിന്റെ മരണം സംബന്ധിച്ച് പോലീസിന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഡൽഹിയിൽ വച്ച് സുബിൻ കൊല്ലപ്പെട്ടതിനെ സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തുന്നതിനു നടപടി സ്വീകരിക്കുമോ;

(സി) സുബിന്റെ മൃതദേഹം ഡൽഹിയിൽ വച്ച് പോസ്റ്റ്മോർട്ടം നടത്തിയത് എവിടെയാണ്; പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരി ക്കുന്ന മരണകാരണം എന്താണ്;

(ഡി) തൃശ്ശൂർ മെഡിക്കൽ കോളേജിൽ വീണ്ടും പോസ്റ്റുമോർട്ടം നടത്തിയിട്ടുണ്ടോ; ഈ റിപ്പോർട്ടിൽ മരണകാരണത്തെ സംബന്ധിച്ച് എന്താണ് പറയുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) സുബിന്റെ മരണത്തെക്കുറിച്ച് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേസന്വേഷണം ഡൽഹി പോലീസിലെ ഒരു സീനിയർ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

(സി) എസ്.എം.സി.എസ്.കെ. ആശുപത്രിയിൽവച്ച് പോസ്റ്റുമോർട്ടം നടത്തി. റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഡി) നടത്തിയിട്ടുണ്ട്. വെടിയേറ്റാണ് സുബിൻ മരിച്ചതെന്ന് പോസ്റ്റു മോർട്ടം നടത്തിയ മെഡിക്കൽ ഓഫീസേഴ്സ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

(ഇ) ഡൽഹി പോലീസ് അന്വേഷണം നടത്തിവരുന്നു.

66 (2376) മധു കൊലചെയ്യപ്പെട്ട സംഭവം

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീലേശ്വരം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ആനച്ചാലിൽ ദുരൂഹസാഹചരത്തിൽ ആർട്ടിസ്റ്റ് മധു കൊലചെയ്യപ്പെട്ട നിലയിൽ കണ്ടതിനെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly